15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2166 **03-03-2025 - ൽ മറുപടിയ്ക്ക്**

പ്രസവാനന്തര പരിചരണ കേന്ദ്രങ്ങൾ

ചോദ്യം		ഉത്തരം	
ശ്രീ. അനൂപ് ജേക്കബ്		**ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)**	
(എ)	സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പ്രസവാനന്തര പരിചരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ രജിസ്ട്രേഷൻ നടത്തുന്നതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടതെന്ന് വിശദമാക്കാമോ;	(എ)	പ്രസവാനന്തര പരിചരണത്തിന് മാത്രമായി കേന്ദ്രങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിനു വിധേയമായി 29.02.2024 -ൽ വിജ്ഞാപനം ചെയ്തിട്ടുള്ള എസ് ആർ ഒ നമ്പർ 213/2024 പ്രകാരം ഭാരതീയ ചികിത്സ വിഭാഗത്തിനു കീഴിലുള്ള ആയുർവേദയിൽ പ്രസൂതിതന്ത്രവും സ്ത്രീരോഗവും (ഒബ്സെടിക് & ഗൈനകോളജി) എന്നതിന് കീഴിൽ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ആയതിന് വേണ്ട മാനദണ്ഡങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.
(ബി)	അത്തരം സ്ഥാപനങ്ങൾക്ക് ആരോഗ്യ വകുപ്പിന്റെ അനുമതി ഉണ്ടോ; ആരോഗ്യ വകുപ്പ് അത്തരം സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; അറിയിക്കാമോ;	(ബി)	പ്രസവാനന്തര പരിചരണത്തിന് മാത്രമായി കേന്ദ്രങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിനു വിധേയമായി 29.02.2024 -ൽ വിജ്ഞാപനം ചെയ്തിട്ടുള്ള എസ് ആർ ഒ നമ്പർ 213/2024 പ്രകാരം ഭാരതീയ ചികിത്സ വിഭാഗത്തിനു കീഴിലുള്ള ആയുർവേദയിൽ പ്രസൂതിതന്ത്രവും സ്ത്രീരോഗവും (ഒബ്സെടിക് & ഗൈനകോളജി) എന്നതിന് കീഴിൽ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ആയതിന് വേണ്ട മാനദണ്ഡങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.
(സി)	പ്രസ്തുത സ്ഥാപനങ്ങളിൽ യോഗ്യത ഉള്ളവരുടെ മേൽനോട്ടത്തിലാണോ പരിചരണം നടത്തപ്പെടുന്നത് എന്ന് പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; ഇത്തരം സ്ഥാപനങ്ങളിൽ പരിചരണം നേടുന്നവരുടെ നവജാത ശിശുക്കൾക്ക് ആശാവർക്കർമാരുടെ മേൽനോട്ടത്തിലുള്ള പരിരക്ഷ ഉറപ്പാക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?	(സി)	2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിനു വിധേയമായി ഒരു ക്ലിനിക്കൽ സ്ഥാപനം സ്ഥിര രജിസ്ട്രേഷന് വേണ്ടി അപേക്ഷിക്കുമ്പോൾ രജിസ്ട്രേഷൻ നൽകുന്നതിനായി സ്ഥാപനങ്ങളിൽ നേരിട്ട് പോയി യോഗ്യത ഉൾപ്പെടെയുള്ള നിലവാരം നിർണ്ണയിക്കുന്നതിന് അസ്സസ്സർമാരുടെ പാനലിനെ കൗൺസിൽ തിരഞ്ഞെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അസ്സസ്സർമാരുടെ അസ്സസ്മെന്റ് റിപ്പോർട്ട്

അനുസരിച്ചാണ് ഈ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകേണ്ടത്.

ചൈൽഡ് ഹെൽത്ത് പ്രോഗ്രാമിന് കീഴിൽ കേരളത്തിലെ പൊതുമേഖലാ ആശുപത്രികളിൽ പ്രസവിക്കുന്ന എല്ലാ ശിശുക്കൾക്കും നൽകുന്ന ആരോഗ്യ പരിശോധനാ സേവനമാണ് ശലഭം നവജാതശിശു സമഗ്ര സ്ക്രീനിംഗ്. നവജാതശിശു കാലയളവിൽ മാത്രം എന്തെങ്കിലും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് കണ്ടുപിടിക്കാൻ ഇത് നമ്മെ സഹായിക്കുന്നു. ജനന വൈകല്യങ്ങൾ നേരത്തേ തിരിച്ചറിയുന്നതിനും ഉചിതമായ റഫറൽ ചികിത്സയ്ക്കും കുട്ടിയുടെയും കുടുംബത്തിന്റെയും 18 വയസ്സ് വരെയുള്ള തുടർചികിത്സ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഇത് സഹായിക്കുന്നു. നവജാതശിശു സ്ക്രീനിംഗിന് വിധേയമാകുന്ന എല്ലാ കുഞ്ഞുങ്ങളെയും ശലഭം ചൈൽഡ് ഹെൽത്ത് പോർട്ടലിൽ എൻറോൾ ചെയ്യുകയും അവർക്ക് - വിബിഡി ഐഡി എന്ന് വിളിക്കുന്ന ഒരു പ്രത്യേക ഐഡന്റിഫിക്കേഷൻ നമ്പർ നൽകുകയും ചെയ്യും.

സ്ക്രീനിംഗിൽ ഉൾപ്പെടുത്തിയിരിക്കുന്ന - 4 ഘടകങ്ങൾ

1. ദൃശ്യമായ ജനന വൈകല്യങ്ങൾ: ജനിച്ച 24 മണിക്കൂറിനുള്ളിൽ പ്രത്യക്ഷത്തിൽ കാണുന്ന ജനന വൈകല്യങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുന്നു. ഈ പ്രാഥമിക സ്ക്രീനിംഗിന് ശേഷം ഓരോ കുഞ്ഞിനും VBD ഐഡി ജനറേറ്റ് ചെയ്യുന്നു.

2. ജനിച്ച് 24 മണിക്കൂർ മുതൽ 48 മണിക്കൂറിനുള്ളിൽ ചെയ്യുന്ന ഫങ്ക്ഷണൽ സ്ക്രീനിംഗിൽ പ്രധാനമായും 3 പരിശോധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

- പൾസ് ഓക്സിമെട്രി സ്ക്രീനിംഗും ഹൃദയ ശാരീരിക പരിശോധനയും

- ശരീരത്തിലെ ഓക്സിജന്റെ അളവ് നോക്കുകയും ശ്വാസകോശത്തിന്റെ ഹൃദയത്തിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുകയും ചെയ്യുന്നു.

- കാഴ്ച പരിശോധിക്കുന്നതിനായുള്ള ROP സ്ക്രീനിംഗ്.- Otoacoustic Emission (OAE) സ്ക്രീനിംഗ് - എന്ന കേൾവി പരിശോധന.

3. ഇൻബോൺ എറേഴ്സ് ഓഫ് മെറ്റബോളിസം (IEM) സ്ക്രീനിംഗ് - കുഞ്ഞിന് ജനിതകമായി ഹോർമോൺ സംബന്ധിയായ പ്രവർത്തനങ്ങളിൽ എന്തെങ്കിലും

അപാകതകൾ ഉണ്ടോ എന്ന് പരിശോദിക്കുന്നു. കാലിൽ നിന്ന് രക്തം കുത്തിയെടുത്താണ് ഇത് പരിശോധിക്കുന്നത്. - ജനിച്ച് 72 മണിക്കൂറിന് ശേഷം സംഭവിക്കുന്നു.

4. ന്യൂറോ ടെവേലോപ്‌മെന്റൽ വൈകല്യങ്ങൾ തിരിച്ചറിയുന്നതിനായുള്ള പരിശോധനകൾ ഡിസ്ചാർജിനു മുൻപായി ചെയ്യുന്നു.

ആശ പ്രവർത്തകർ മാസം തികയാതെ പ്രസവിക്കുന്ന എല്ലാ കുഞ്ഞുങ്ങളെയും (37 ആഴ്ചയ്ക്ക് മുൻപ് ജനിക്കുന്നവർ), ജനന സമയത്തു 2500 ഗ്രാമിൽ താഴെ തൂക്കമുള്ള കുഞ്ഞുങ്ങളെയും നിശ്ചിത ദിവസങ്ങളിൽ HBNC പദ്ധതി പ്രകാരം ഗൃഹ സന്ദർശനം നടത്തുന്നുണ്ട്. ഇതു തെളിയിക്കുന്ന രേഖകൾ JPHN മാർ പരിശോധിച്ചു ഉറപ്പുവരുത്തുന്നുണ്ട്.
HBNC പദ്ധതിയുടെ ഭാഗമായി ആശമാർ ഒരു കുഞ്ഞ് ജനിച്ചു കഴിഞ്ഞ് 3, 7, 14, 21, 28, 42 എന്നീ ദിവസങ്ങളിൽ ഗൃഹം സന്ദർശനം നടത്തുന്നു. എന്നാൽ പ്രസവം വീട്ടിൽ വച്ചാണ് നടന്നതെങ്കിൽ ഒന്നാം ദിവസത്തെ ഗൃഹ സന്ദർശനം കൂടി നടത്തുന്നു. കുട്ടി നന്നായി പാൽ കുടിക്കുന്നുണ്ടോ എന്നും, കുട്ടിയെ നല്ല രീതിയിൽ പൊതിഞ്ഞു വെയ്ക്കുന്നുണ്ടോ എന്നും, അമ്മ പോഷകാഹാരം അടങ്ങിയ ഭക്ഷണം കഴിക്കുന്നുണ്ടോ എന്നും, കുട്ടിക്ക് കൃത്യ സമയത്തു വാക്സിൻ എടുക്കുന്നുണ്ടോ എന്നും കുട്ടിയെ പരിചരിക്കുന്നവർ സോപ്പും വെള്ളവും ഉപയോഗിച്ച് കൂടെ കൂടെ കൈ കഴുകുന്നുണ്ടോ എന്നും ഗൃഹ സന്ദർശന വേളയിൽ ആശമാർ പരിശോധിക്കുന്നു. നിലവിൽ ഏത് സ്ഥാപനത്തിൽ ജനിച്ചാലും ഈ സേവനം ലഭ്യമാണ്.
HBNC പദ്ധതി പ്രകാരമുള്ള നിശ്ചിത ഗൃഹ സന്ദർശങ്ങൾക്ക് ശേഷം അതിന്റെ തുടർച്ചയായിട്ടു HBYC പദ്ധതി പ്രകാരം ആശമാർ അവരവരുടെ പ്രദേശത്തെ കുഞ്ഞുങ്ങളെ 3,6,9,12,15 എന്നീ മാസങ്ങളിൽ ഗൃഹം സന്ദർശനം നടത്തുന്നു. ജില്ലയിലെ തീരദേശ പ്രദേശങ്ങൾ, ആദിവാസി കോളനികൾ, പാർശ്വവൽക്കരിക്കപ്പെട്ട ചേരി പ്രദേശങ്ങൾ എന്നീ സ്ഥലങ്ങളിൽ ജനിക്കുന്ന കുട്ടികൾക്ക് മുൻഗണന നൽകുന്ന തരത്തിൽ ടി സന്ദർശനങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. ഇതു കൂടാതെ ജില്ലയുടെ പ്രത്യേക ഭൂപ്രകൃതിയും മറ്റ് സാഹചര്യങ്ങളും അടിസ്ഥാനമാക്കി ദുർബല ജനസമൂഹങ്ങൾ പാർക്കുന്ന മറ്റു പ്രദേശങ്ങളും HBYC പദ്ധതി നടപ്പിലാക്കുന്നതിനായി

			തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായി ഡിപിഎം, RCH ഓഫീസർ, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ജില്ലാതല യോഗം വിളിക്കുകയും ശേഷം ജില്ലയിലെ തെരഞ്ഞെടുത്ത പ്രദേശങ്ങളിലെ ആശാപ്രവർത്തകരുമായി പദ്ധതി നടപ്പിലാക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിനു വിധേയമായി 29.02.2024 –ൽ വിജ്ഞാപനം ചെയ്തിട്ടുള്ള എസ്. ആർ.ഒ നമ്പർ 213/2024 പ്രകാരം ഭാരതീയ ചികിത്സ വിഭാഗത്തിനു കീഴിലുള്ള ആയുർവേദയിലെ പ്രസൂതിതന്ത്രവും സ്ത്രീരോഗവും (ഒബ്സെടിക് & ഗൈനകോളജി) യിലെ പ്രസക്ത ഭാഗം

പ്രസൂതിതന്ത്രവും സ്ത്രീരോഗവും (ഒബ്സെടിക് & ഗൈനകോളജി)

(i) പ്രസൂതി (ഒബ്സ്റ്റെട്രിക്) ക്ലിനിക്ക്

(ii) സ്ത്രീരോഗ (ഗൈനക്കോളജി) ക്ലിനിക്ക്

പ്രസൂതി (ഒബ്സ്റ്റെട്രിക്) ക്ലിനിക്ക്/ ആശുപത്രി

നം	മിനിമം മാനദണ്ഡം	പ്രസൂതി (ഒബ്സ്റ്റെട്രിക്) ക്ലിനിക്ക്	പ്രസൂതി ആശുപത്രി (ലേബർ റൂമോട് കൂടിയത്)
1	നിർവ്വചനം	ഒരു സ്പെഷ്യലിസ്റ്റ്ഡോക്ടർ മുഖേന ഗർഭകാല-പ്രസവ- പ്രസവാനന്തര പരിചരണം എന്നിവയുൾ പ്പെടെയുള്ള ഔട്ട്പേഷ്യന്റ് പരിശോധനയും കുറിപ്പടിയും നൽകുന്ന ഒരു ക്ലിനിക്കൽ സ്ഥാപനം.	പ്രസവവേദന അനുഭവിക്കുന്ന ഒരു സ്ത്രീ പ്രസവത്തിനും സുഖം പ്രാപിക്കുന്നതിനുമായി പ്രവേശി പ്പിക്കുന്ന ആശുപത്രി
2.	സാദ്ധ്യത	പ്രൈമറി	അഡ്വാൻസ്ഡ്
3.	സേവനങ്ങൾ	ഒ. പി സേവനങ്ങൾ	പ്രസവത്തിനും സഹായിക്കുന്നു
4	സ്ഥല ആവശ്യകത	അനുബന്ധം 1 കാണുക	അനുബന്ധം 7 കൂടാതെ, സ്ക്രബ്ബിംഗ് റൂം, ലേബർ റൂം, ഒബ്സ്റ്റെട്രിക് യൂണിറ്റ്, നവജാത ശിശു സംരക്ഷണം
5	മാനവ വിഭവശേഷി	എം .എസ് പ്രസൂതിതന്ത്ര, / ഡിപ്ലോമ ഇൻ പ്രസൂതി ആൻഡ്സ്ത്രീരോഗ	എം .എസ് പ്രസൂതിതന്ത്ര, / ഡിപ്ലോമ ഇൻ പ്രസൂതി ആൻഡ്സ്ത്രീരോഗ, നഴ്സ്, ലേബർ റൂം അറ്റൻഡർ, ശുചീകരണ തൊഴിലാളി
6.	ഉപകരണങ്ങൾ	അനുബന്ധം 2 കാണുക	അനുബന്ധം 2 കൂടാതെ ഡെലിവറിബെഡ്, ഫീറ്റൽ സ്റ്റെതസ്കോപ്പ്, ഇൻസ്ട്രുമെന്റ്ട്രോളി, സ്യൂച്ചറിംഗ് സെറ്റുകൾ, മ്യൂക്കസ്എക്സ്ട്രാക്റ്റർ, ഓറൽ എയർവേസ്, ഓക്സിജൻ ടാംഗ്കം കോൺസെൻട്രേറ്റർ, വാകും എക്സ്ട്രാക്റ്റർ സെറ്റ്
7	ഉപഭോഗവസ്തുക്കൾ	ചികിത്സകൾക്കുള്ള മരുന്നുകൾ	പ്രസവത്തിനാവശ്യമായ മരുന്നുകൾ
അനുബന്ധ സേവനങ്ങളും അടിസ്ഥാന നടപടിക്രമങ്ങളുടെ മാനദണ്ഡങ്ങളും നേരത്തെ പൊതുവിൽ സൂചിപ്പിച്ചത് പ്രകാരം.			

അനുബന്ധം 1

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

(ചട്ടം 4(2) (II) കാണുക).

ക്രമ നം.	ലൊക്കേഷൻ	ഏരിയ	ക്ലിനിക്	പോളിക്ലിനിക്	തെറാപ്പി സെൻറർ	സ്പെഷ്യാലിറ്റി സെൻറർ
1	കോമൺ ഏര്യ (സ്വീകരണവും മരുന്നു വിതരണവും)	30 ചതുരശ്ര അടി	നിർബന്ധം	നിർബന്ധം	നിർബന്ധം	നിർബന്ധം
2	കൺസൾട്ടേഷൻ റൂം	40 ചതുരശ്ര അടി	നിർബന്ധം	നിർബന്ധം	നിർബന്ധം	നിർബന്ധം
3	ശുചിമുറിയുള്ളചികിത്സാമുറി	100 ചതുരശ്ര അടി	നിർബന്ധമില്ല	നിർബന്ധമില്ല	നിർബന്ധം	ആവശ്യമെങ്കിൽ

കുറിപ്പ്: സ്വീകരണം, കാത്തിരിപ്പ്, കൺസൾട്ടേഷൻ റൂം, സംഭരണം തുടങ്ങിയവ ക്ലിനിക്കിന്റെ ആവശ്യത്തിനും ജോലി ഭാരത്തിനും പര്യാപ്തമായിരിക്കണം. ഡിസ്പെൻസിങ് ഏരിയ കൺസൾട്ടിംഗ് ഏരിയയിൽ നിന്നും വെയിറ്റിംഗ് ഏരിയയിൽ നിന്നും ദൃഢമായ പാർട്ടീഷൻ ഉപയോഗിച്ച് വേർതിരിക്കേണ്ടതാണ്. ആവശ്യത്തിന് വെളിച്ചവും, വെന്റിലേഷനും, സ്വകാര്യതയും ഉറപ്പാക്കുക.

അനുബന്ധം 2

ഫർണിച്ചറുകളും ഫിക്സ്ചേഴ്സും

(ചട്ടം 4(3) (II) കാണുക).

ക്രമ നം	വിശദാംശങ്ങൾ	ക്ലിനിക്	പോളിക്ലിനിക്	തെറാപ്പി സെൻറർ	സ്പെഷ്യാലിറ്റി സെൻറർ
1	കൺസൾട്ടേഷൻ മേശ	1	1/ ഒ. പി	1	1
2	ഡോക്ടർക്കുള്ള ചെയർ	1	1/ ഒ. പി	1	1
3	രോഗിക്കു കസേര	1	1/ ഒ. പി	1	1
4	കാത്തിരിപ്പ് കസേര	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്
5	പരിശോധനമേശ	1	1/ ഒ. പി	1	1
6	മരുന്ന്സംഭരണത്തിന് ഫർണിച്ചറുകൾ	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്
7	മരുന്ന് വിതരണത്തിന് ഫർണിച്ചറുകൾ	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്
8	സ്പെഷ്യാലിറ്റി സേവനങ്ങൾക്കുള്ള സൈനേജ്	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്
9	തെറാപ്പിമേശ /തോണി	0	0	1	0

അനുബന്ധം 7

ആശുപത്രികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (ചട്ടം 4 (2) (II) കാണുക).

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട് നടപ്പിലാക്കിയതിന് ശേഷം നിർമ്മിക്കുന്ന ആശുപത്രികൾക്ക്ഘടനാപരമായ മാറ്റങ്ങൾ ബാധകമായിരിക്കണം

വിശദ വിവരങ്ങൾ	വിഭാഗം 1	വിഭാഗം 2	വിഭാഗം 3	വിഭാഗം 4	വിഭാഗം 5
ഒ. പി റൂം	40 ചതുരശ്ര അടി	40 ചതുരശ്ര അടി	40 ചതുരശ്ര അടി	40 ചതുരശ്ര അടി	40 ചതുരശ്ര അടി
ഐ. പി വാർഡ്	50 ചതുരശ്ര അടി/കിടക്ക	50 ചതുരശ്ര അടി/ കിടക്ക	50 ചതുരശ്ര അടി/ കിടക്ക	50 ചതുരശ്ര അടി/ കിടക്ക	50 ചതുരശ്ര അടി/ കിടക്ക
അടുക്കള	നിർബന്ധമില്ല	നിർബന്ധമില്ല	100 ചതുരശ്ര അടി	100 ചതുരശ്ര അടി	100 ചതുരശ്ര അടി

ആശുപത്രി മാനേജ്മെന്റിന് സൗകര്യപൂർവ്വം എത്ര ഒ.പി പ്രവർത്തിപ്പിക്കാമെന്ന് തീരുമാനിക്കാം, എന്നാൽ ഓരോ ഒ.പി സൗകര്യത്തിനും 40 ചതുരശ്ര അടിയും സ്വീകരണത്തിനും മരുന്ന് വിതരണം ചെയ്യുന്നതിനുമായി കുറഞ്ഞത് 30 ചതുരശ്ര അടി വിസ്തീർണ്ണവും ഉണ്ടായിരിക്കണം.

അടുക്കള : ഭക്ഷണം തയ്യാറാക്കാൻ പാകത്തിനുള്ള വിസ്തീർണ്ണം അടുക്കളയ്ക്ക് വേണം പാത്രങ്ങൾ കഴുകുന്ന സ്ഥലം പാചകം ചെയ്യുന്ന സ്ഥലത്ത് നിന്നും വേർതിരിക്കേണ്ടതാണ് , **സ്ഥലം നല്ല വായുസഞ്ചാരവും വെളിച്ചവുമുള്ളതായിരിക്കണം, ചുവരുകളിൽ നനവോ ഫംഗസ് വളർച്ചയോ ഇല്ലാതെ വൃത്തിയായിരിക്കണം.**

വാർഡിലെ മറ്റ് ആവശ്യകതകൾ:

1. ആൺ, പെൺ വാർഡ് ദൃഢമായ വിഭജനത്തോടെ വേർതിരിക്കേണ്ടതാണ്.
2. കിടക്കകൾ തമ്മിലുള്ള ദൂരം 1 മീറ്റർ ആയിരിക്കണം.
3. വാർഡിൽ നഴ്സിംഗ് സ്റ്റേഷൻ, ഡോക്ടർമാരുടെ ഡ്യൂട്ടി റൂം, വൃത്തിയുള്ളതും അഴുക്കായവയും സൂക്ഷിക്കുന്നതിനായി പ്രത്യേക മുറികൾ ഉണ്ടായിരിക്കണം,
4. 24 മണിക്കൂറും വൈദ്യുതിയും ജലവിതരണ സൗകര്യവും ഉണ്ടായിരിക്കണം.
5. രോഗികളുടെ കാത്തിരിപ്പ് കേന്ദ്രം, ടോയ്‌ലറ്റുകളുടെ എണ്ണം, ചികിത്സ മുറി തുടങ്ങിയവ ആശുപത്രിയുടെ വ്യാപ്തിയും കിടക്കയുടെ എണ്ണവും അനുസരിച്ച് ആവശ്യമാണ്.
6. വാതിലിന്റെ വീതി 1.2 മീറ്ററും ഇടനാഴിയുടെ വീതി 2.5 മീറ്ററും ആയിരിക്കണം

Section Officer

അനുബന്ധം

2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിനു വിധേയമായി 29.02.2024 –ൽ വിജ്ഞാപനം ചെയ്തിട്ടുള്ള എസ്. ആർ.ഒ നമ്പർ 213/2024 പ്രകാരം ഭാരതീയ ചികിത്സ വിഭാഗത്തിനു കീഴിലുള്ള ആയുർവേദയിലെ പ്രസൂതിതന്ത്രവും സ്ത്രീരോഗവും (ഒബ്സെട്രിക് & ഗൈനകോളജി) യിലെ പ്രസക്ത ഭാഗം

പ്രസൂതിതന്ത്രവും സ്ത്രീരോഗവും (ഒബ്സെട്രിക് & ഗൈനകോളജി)

(i) പ്രസൂതി (ഒബ്സ്റ്റെട്രിക്) ക്ലിനിക്ക്

(ii) സ്ത്രീരോഗ (ഗൈനക്കോളജി) ക്ലിനിക്ക്

പ്രസൂതി (ഒബ്സ്റ്റെട്രിക്) ക്ലിനിക്ക്/ ആശുപത്രി

നം	മിനിമം മാനദണ്ഡം	പ്രസൂതി (ഒബ്സ്റ്റെട്രിക്) ക്ലിനിക്ക്	പ്രസൂതി ആശുപത്രി (ലേബർ റൂമോട് കൂടിയത്)
1	നിർവ്വചനം	ഒരു സ്പെഷ്യലിസ്റ്റ്ഡോക്ടർ മുഖേന ഗർഭകാല–പ്രസവ– പ്രസവാനന്തര പരിചരണം എന്നിവയുൾ പ്പെടെയുള്ള ഔട്ട്പേഷ്യന്റ് പരിശോധനയും കുറിപ്പടിയും നൽകുന്ന ഒരു ക്ലിനിക്കൽ സ്ഥാപനം.	പ്രസവവേദന അനുഭവിക്കുന്ന ഒരു സ്ത്രീ പ്രസവത്തിനും സുഖം പ്രാപിക്കുന്നതിനുമായി പ്രവേശി പ്പിക്കുന്ന ആശുപത്രി
2.	സാദ്ധ്യത	പ്രൈമറി	അഡ്വാൻസ്ഡ്
3.	സേവനങ്ങൾ	ഒ. പി സേവനങ്ങൾ	പ്രസവത്തിനും സഹായിക്കുന്നു
4	സ്ഥല ആവശ്യകത	അനുബന്ധം 1 കാണുക	അനുബന്ധം 7 കൂടാതെ, സ്ക്രബ്ബിംഗ് റൂം, ലേബർ റൂം, ഒബ്സ്റ്റെട്രിക് യൂണിറ്റ്, നവജാത ശിശു സംരക്ഷണം
5	മാനവ വിഭവശേഷി	എം .എസ് പ്രസൂതിതന്ത്ര, / ഡിപ്ലോമ ഇൻ പ്രസൂതി ആൻഡ്സ്ത്രീരോഗ	എം .എസ് പ്രസൂതിതന്ത്ര, / ഡിപ്ലോമ ഇൻ പ്രസൂതി ആൻഡ്സ്ത്രീരോഗ, നഴ്സ്, ലേബർ റൂം അറ്റൻഡർ, ശുചീകരണ തൊഴിലാളി
6.	ഉപകരണങ്ങൾ	അനുബന്ധം 2 കാണുക	അനുബന്ധം 2 കൂടാതെ ഡെലിവറിബെഡ്, ഫീറ്റൽ സ്റ്റെതസ്കോപ്പ്, ഇൻസ്ട്രുമെന്റ്ട്രോളി, സ്യൂച്ചറിംഗ് സെറ്റുകൾ, മ്യൂക്കസ്എക്സ്ട്രാക്റ്റർ, ഓറൽ എയർവേസ്, ഓക്സിജൻ ടാംഗ്കം കോൺസെൻട്രേറ്റർ, വാക്വം എക്സ്ട്രാക്റ്റർ സെറ്റ്
7	ഉപഭോഗവ സ്തുക്കൾ	ചികിത്സകൾക്കുള്ള മരുന്നുകൾ	പ്രസവത്തിനാവശ്യമായ മരുന്നുകൾ
അനുബന്ധ സേവനങ്ങളും അടിസ്ഥാന നടപടിക്രമങ്ങളുടെ മാനദണ്ഡങ്ങളും നേരത്തെ പൊതുവിൽ സൂചിപ്പിച്ചത് പ്രകാരം.			

അനുബന്ധം 1

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ
(ചട്ടം 4(2) (II) കാണുക).

ക്രമ നം.	ലൊക്കേഷൻ	ഏരിയ	ക്ലിനിക്	പോളിക്ലിനിക്	തെറാപ്പി സെൻറർ	സ്പെഷ്യാലിറ്റി സെൻറർ
1	കോമൺ ഏര്യ (സ്വീകരണവും മരുന്നു വിതരണവും)	30 ചതുരശ്ര അടി	നിർബന്ധം	നിർബന്ധം	നിർബന്ധം	നിർബന്ധം
2	കൺസൾട്ടേഷൻ റൂം	40 ചതുരശ്ര അടി	നിർബന്ധം	നിർബന്ധം	നിർബന്ധം	നിർബന്ധം
3	ശുചിമുറിയുള്ളചികിത്സാമുറി	100 ചതുരശ്ര അടി	നിർബന്ധമില്ല	നിർബന്ധമില്ല	നിർബന്ധം	ആവശ്യമെങ്കിൽ

കുറിപ്പ്: സ്വീകരണം, കാത്തിരിപ്പ്, കൺസൾട്ടേഷൻ റൂം, സംഭരണം തുടങ്ങിയവ ക്ലിനിക്കിന്റെ ആവശ്യത്തിനും ജോലി ഭാരത്തിനും പര്യാപ്തമായിരിക്കണം. ഡിസ്പെൻസിങ് ഏരിയ കൺസൾട്ടിംഗ് ഏരിയയിൽ നിന്നും വെയിറ്റിംഗ് ഏരിയയിൽ നിന്നും ദൃഢമായ പാർട്ടീഷൻ ഉപയോഗിച്ച് വേർതിരിക്കേണ്ടതാണ്. ആവശ്യത്തിന് വെളിച്ചവും, വെന്റിലേഷനും, സ്വകാര്യതയും ഉറപ്പാക്കുക.

അനുബന്ധം 2

ഫർണിച്ചറുകളും ഫിക്സ്ചേഴ്സും
(ചട്ടം 4(3) (II) കാണുക).

ക്രമ നം	വിശദാംശങ്ങൾ	ക്ലിനിക്	പോളിക്ലിനിക്	തെറാപ്പി സെൻറർ	സ്പെഷ്യാലിറ്റി സെൻറർ
1	കൺസൾട്ടേഷൻ മേശ	1	1/ ഒ. പി	1	1
2	ഡോക്ടർക്കുള്ള ചെയർ	1	1/ ഒ. പി	1	1
3	രോഗിക്കു കസേര	1	1/ ഒ. പി	1	1
4	കാത്തിരിപ്പ് കസേര	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്
5	പരിശോധനമേശ	1	1/ ഒ. പി	1	1
6	മരുന്ന്സംഭരണത്തിന് ഫർണിച്ചറുകൾ	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്
7	മരുന്ന് വിതരണത്തിന് ഫർണിച്ചറുകൾ	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്
8	സ്പെഷ്യാലിറ്റി സേവനങ്ങൾക്കുള്ള സൈനേജ്	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്	ആവശ്യത്തിന്
9	തെറാപ്പിമേശ /തോണി	0	0	1	0

അനുബന്ധം 7

ആശുപത്രികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (ചട്ടം 4 (2) (II) കാണുക).

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട് നടപ്പിലാക്കിയതിന് ശേഷം നിർമ്മിക്കുന്ന ആശുപത്രികൾക്ക്ഘടനാപരമായ മാറ്റങ്ങൾ ബാധകമായിരിക്കണം

വിശദ വിവരങ്ങൾ	വിഭാഗം 1	വിഭാഗം 2	വിഭാഗം 3	വിഭാഗം 4	വിഭാഗം 5
ഒ. പി റൂം	40 ചതുരശ്ര അടി	40 ചതുരശ്ര അടി	40 ചതുരശ്ര അടി	40 ചതുരശ്ര അടി	40 ചതുരശ്ര അടി
ഐ. പി വാർഡ്	50 ചതുരശ്ര അടി/കിടക്ക	50 ചതുരശ്ര അടി/ കിടക്ക	50 ചതുരശ്ര അടി/ കിടക്ക	50 ചതുരശ്ര അടി/ കിടക്ക	50 ചതുരശ്ര അടി/ കിടക്ക
അടുക്കള	നിർബന്ധമില്ല	നിർബന്ധമില്ല	100 ചതുരശ്ര അടി	100 ചതുരശ്ര അടി	100 ചതുരശ്ര അടി

ആശുപത്രി മാനേജ്മെന്റിന് സൗകര്യപൂർവ്വം എത്ര ഒ.പി പ്രവർത്തിപ്പിക്കാമെന്ന് തീരുമാനിക്കാം, എന്നാൽ ഓരോ ഒ.പി സൗകര്യത്തിനും 40 ചതുരശ്ര അടിയും സ്വീകരണത്തിനും മരുന്ന് വിതരണം ചെയ്യുന്നതിനുമായി കുറഞ്ഞത് 30 ചതുരശ്ര അടി വിസ്തീർണ്ണവും ഉണ്ടായിരിക്കണം.

അടുക്കള : ഭക്ഷണം തയ്യാറാക്കാൻ പാകത്തിനുള്ള വിസ്തീർണ്ണം അടുക്കളയ്ക്ക് വേണം പാത്രങ്ങൾ കഴുകുന്ന സ്ഥലം പാചകം ചെയ്യുന്ന സ്ഥലത്ത് നിന്നും വേർതിരിക്കേണ്ടതാണ് , സ്ഥലം നല്ല വായുസഞ്ചാരവും വെളിച്ചവുമുള്ളതായിരിക്കണം, ചുവരുകളിൽ നനവോ ഫംഗസ് വളർച്ചയോ ഇല്ലാതെ വൃത്തിയായിരിക്കണം.

വാർഡിലെ മറ്റ് ആവശ്യകതകൾ:

1. ആൺ, പെൺ വാർഡ് ദൃഢമായ വിഭജനത്തോടെ വേർതിരിക്കേണ്ടതാണ്.
2. കിടക്കകൾ തമ്മിലുള്ള ദൂരം 1 മീറ്റർ ആയിരിക്കണം.
3. വാർഡിൽ നഴ്സിംഗ് സ്റ്റേഷൻ, ഡോക്ടർമാരുടെ ഡ്യൂട്ടി റൂം, വൃത്തിയുള്ളതും അഴുക്കായവയും സൂക്ഷിക്കുന്നതിനായി പ്രത്യേക മുറികൾ ഉണ്ടായിരിക്കണം,
4. 24 മണിക്കൂറും വൈദ്യുതിയും ജലവിതരണ സൗകര്യവും ഉണ്ടായിരിക്കണം.
5. രോഗികളുടെ കാത്തിരിപ്പ് കേന്ദ്രം, ടോയ്‌ലറ്റുകളുടെ എണ്ണം, ചികിത്സ മുറി തുടങ്ങിയവ ആശുപത്രിയുടെ വ്യാപ്തിയും കിടക്കയുടെ എണ്ണവും അനുസരിച്ച് ആവശ്യമാണ്.
6. വാതിലിന്റെ വീതി 1.2 മീറ്ററും ഇടനാഴിയുടെ വീതി 2.5 മീറ്ററും ആയിരിക്കണം

Section Officer